7

8644

എൽ.ആർ.എ3-49353/07

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം തീയതി 24.03.2008

OFFICE OF THE INSPECTOR GENERAL

കമ്മീഷണർ

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം

സർ,

വിഷയം:- കേരള മുദ്രപ്പത്ര നിയമം 54 (2) പ്രകാരം ശാസ്താംകോട്ട സബ് രജിസ്ട്രാറാഫീസിലെ പി1/07, പി2/07 എന്നീ ബന്തവസ്സുാധാരങ്ങൾ മുദ്രസല നിർണ്ണയം നടത്തുന്നത്-സംബന്ധിച്ച്

സൂചന:- താങ്കളുടെ 17.10.07-ലെ ആർ.ആർ4-18199/07 നം കത്ത്

സൂചന പ്രകാരം മുദ്രസല നിർണ്ണയത്തിനായി അയച്ചു തന്ന ശാസ്താംകോട്ട സബ്ബ് രജിസ്ട്രാറാഫീസിലെ പി1/07, പി2/07 എന്നീ ബന്തവസ്സുാധാരങ്ങളിൻമേലുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

ശാസ്താംകോട്ട സബ്ബ് രജിസ്ട്രാർ ഓഫീസിലെ പി1/07, പി2/07 എന്നീ നമ്പർ ബന്തവസ്സുാധാരങ്ങൾ SIND (Q) 29-൧൦ നമ്പർ കരുനാഗപ്പള്ളി താലൂക്ക് പട്ടികജാതി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കുവേണ്ടി ടി സൊസൈറ്റിയുടെ പ്രസിഡന്റ് പേർക്ക് ശ്രീ.തങ്കപ്പൻ, ശ്രീമതി.ലീല എന്നിവർ ടി സൊസൈറ്റിയുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി എഴുതിക്കൊടുത്ത 500000/- രൂപയുടെയും, 490000/- രൂപയുടെയും വിലയാധാരങ്ങളാണെന്നും, ടി ആധാരങ്ങൾ 21.12.00-ലെ ജി.ഒ(പി) 177/00/TD നമ്പർ ഉത്തരവു പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ് എന്ന് പ്രതിപാദിച്ചു കൊണ്ട് വെള്ള പേപ്പറിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും എന്നാൽ പ്രസ്തുത ബന്തവസ്സുാധാരങ്ങൾക്ക് 21.12.00-ലെ ജി.ഒ(പി)177/00/TD നമ്പർ ഉത്തരവ് അനുസരിച്ചും, 08.10.60-ലെ ജി.ഒ(എം.എസ്)795/60/അഗ്രി/നമ്പർ ഉത്തരവനുസരിച്ചുമുള്ള മുദ്രസലയിളവിനർഹതയില്ലെന്നും താങ്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

പ്രസ്തുത ബന്തവസ്സാധാരങ്ങൾ SIND(ഒ) 29-൧൦ നമ്പർ കരുനാഗപ്പള്ളി താലൂക്ക് പട്ടികജാതി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കുവേണ്ടി, ടി സ്ഥാപനത്തിന്റെ പ്രസിഡന്റ് പേർക്ക് ശ്രീ തങ്കപ്പൻ, ശ്രീമതി ലീല എന്നിവർ എഴുതികൊടുക്കുന്ന 500000/- രൂപയുടെയും, 490000/- രൂപയുടെയും വിലയാധാരങ്ങളാണെന്നു കാണുന്നു. 21.12.00-ലെ ജി.ഒ(പി) 177/00/TD നമ്പർ ഉത്തരവു പ്രകാരമുള്ള ഇളവ് പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എഴുതികൊടുക്കുന്ന കരണങ്ങൾക്കേ ബാധകമാകൂ. കൂടാതെ 08.10.60-ലെ ജി.ഒ(എം.എസ്) 795/60/അഗ്രി നമ്പർ ഉത്തരവ് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റ് സെക്ഷൻ 40 ഇവയുടെ അടിസ്ഥാനത്തിൽ, മുദ്രസല ഇളവ് ലഭിക്കണമെങ്കിൽ ഒരു രജിസ്റ്റർ ചെയ്ത സംഘമോ, സംഘത്തിന് വേണ്ടിയോ, അതല്ലെങ്കിൽ സംഘത്തിന്റെ ഒരുദ്യോഗസ്ഥനോ, അതല്ലെങ്കിൽ ഒരംഗമോ സംഘത്തിന്റെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട് ചമയ്ക്കുന്ന ആധാരങ്ങൾ ആയിരിക്കണമെന്ന് 16.12.93-ലെ 9618/ഇ3/88/TD നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ വസ്തു എഴുതികൊടുക്കുന്നത് സൊസൈറ്റിയുടെ അംഗങ്ങളായ വ്യക്തികളാണോയെന്ന് വ്യക്തമാക്കിയിട്ടില്ല. ബഹു. കേരള ഹൈക്കോടതിയുടെ 30.08.05-ലെ W.A 1280/04നമ്പരിലുള്ള വിധിന്യായത്തിൽ സൊസൈറ്റിയിൽ അംഗമല്ലാത്ത ആൾ ചമയ്ക്കുന്ന കരണങ്ങൾക്ക് മുദ്രസല ഇളവിന് അർഹതയില്ലെന്ന് പരാമർശിച്ചിരിക്കുന്നു. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശാസ്താംകോട്ട സബ്ബ് രജിസ്ട്രാറാഫീസിലെ പി1/07, പി2/07 എന്നീ ബന്തവസ്സാധാരങ്ങൾക്ക് 21.12.00-ലെ ജി.ഒ(പി) 177/00/TD നമ്പർ ഉത്തരവ് 08.10.60-ലെ സർക്കാർ വിജ്ഞാപനം എന്നിവ അനുസരിച്ചുള്ള മുദ്രസല ഇളവിന് അർഹതയില്ലെന്നുള്ള താങ്കളുടെ അഭിപ്രായത്തോട് യോജിക്കുന്നുവെന്ന തീരുമാനം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
24/3/08

കമ്മീഷണർക്കു വേണ്ടി